# <u>പതിനാലാം കേരള നിയമസഭ</u>

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4462** **25.06.2019 -ൽ മറുപടിയ്ക്ക്**

## <u>ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിലും അംഗൻ വാടികളിലും വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ച ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി NABL അക്രഡിറ്റേഷനുള്ള ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗൻവാടികൾ സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഗോഡൗണുകളിൽ ജില്ലാ പ്രോഗ്രാം ഓഫീസർ FCI യിലെ ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ അങ്കണവാടികൾക്കുള്ള അരിയുടെ ഗുണ നിലവാരം പരിശോധിക്കാറുണ്ട്. എഫ്.സി.ഐ.യിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നിലവാരം ഉറപ്പ് വരുത്താറുണ്ട്. മറ്റ് ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രത്തിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കണവാടി ഹെൽപ്പർമാർക്ക് Food safety Act പ്രകാരമുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നിർബന്ധ മാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷ, വകുപ്പ് ഉദ്യോഗസ്ഥർ അങ്കണവാടികളിൽ പരിശോധന നടത്താറുണ്ട്. |
| ബി) ഉച്ചഭക്ഷണത്തിൽ ഇ-കോളി, സാൽ മൊണല്ല എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് അംഗീകൃത ലാബു കളിൽ പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത് ? | ബി) സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിൽ ഇ- കോളി,സാൽമൊണല്ല എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് NABL അംഗീകാരമുള്ള ലാബിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷണ സാമ്പിളിന് നികുതി ഉൾപ്പടെ 295/- രൂപയും കുടിവെള്ള സാമ്പിളിന് നികുതി ഉൾപ്പെടെ 177/- രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. അങ്കണവാടികളിൽ നൽകുന്ന ഉച്ചഭക്ഷണത്തിൽ ഇ-കോളി, സാൽമൊണെല്ല എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് നിലവിൽ സംവിധാനമില്ല. |

സെക്ഷൻ ഓഫീസർ